-

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1040** **10.06.2019-ലെ മറുപടി**

**മൂർക്കനാട് കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിതരണശൃംഖല മങ്കട നിയോജക മണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) മൂർക്കനാട് കുടിവെള്ള പദ്ധതി പ്രതിദിന ആളോഹരി ജലലഭ്യത 40 ലിറ്റർ എന്ന തോതിലാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ പദ്ധതിയുടെ പ്രതിദിന ആളോഹരി ജലലഭ്യത 100 ലിറ്റർ ആകത്തക്ക തരത്തിൽ വിപുലീകരിക്കേണ്ടതായിട്ടുണ്ട്. ഇപ്രകാരം മങ്കട നിയോജക മണ്ഡലത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനം ലഭിക്കുന്നതും ഏകദേശം 63 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്നതുമായ ഒരു പദ്ധതി 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ' (RKI) ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദ എഞ്ചിനീയറിങ് റിപ്പോർട്ട് തയ്യാറാക്കേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ശുപാർശകൾ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; | ബി) ഇല്ല |
| സി) സമീപകാലത്തുണ്ടായ പ്രളയത്തിന്റെയും നിലവിലെ വരൾച്ചയുടെയും പശ്ചാത്തലത്തിൽ പ്രസ്തുത പ്രവൃത്തിക്ക് അടിയന്തര ഫണ്ട് ലഭ്യമാക്കുമോ? | സി) 'റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ' (RKI) ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ